(എ) ആലപ്പുഴ ജില്ലയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായി എത്ര പ്രൊജക്ടുകൾ സമർപ്പിച്ചിരുന്നു;വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഡി.റ്റി.പി.സി.-യും ബി.ആർ.ഡി.സി.-യും സമർപ്പിച്ചിരുന്ന പ്രൊജക്ടുകൾ ഓരോന്നും വിശദമാക്കുമോ

(സി) ഏതൊക്കെ പ്രൊജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി ആലപ്പുഴ ജില്ലയിൽ നിന്നും പ്രോജക്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി&സി) ഡി.റ്റി.പി.സി.-യും ബി. ആർ.ഡി.സി.-യും പ്രോജക്ടുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

**ഗ്രാമീണ ടൂറിസം**

169 (5896) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുക;

(ബി) കേരളത്തിൽ ബാറുകളും മദ്യ വിൽപന കേന്ദ്രങ്ങളും പൂട്ടിയതിനു ശേഷം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന് ഉതകുന്ന തരത്തിൽ ഉത്തരവാദിത്ത ടൂറിസം, ഗ്രീൻ കാർപ്പറ്റ് എന്നീ പദ്ധതികളിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനവും, പ്രാദേശിക ടൂറിസം പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി&സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ വരവിലുള്ള വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly